# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2833** | **20.07.2011 ൽ മറുപടിയ്ക്ക്**

## സലാക്കാ മുൾച്ചെടി വേലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ഇ. ചന്ദ്രശേഖരൻ<br>ശ്രീ. വി. ശശി<br>ശ്രീ. കെ. രാജു | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട് സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വന്യമൃഗശല്യം രൂക്ഷമായ വനാതിർത്തികളിൽ സലാക്ക എന്ന മുൾച്ചെടി വേലി നട്ടുപിടിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; ഈ ചെടിയുടെ പ്രത്യേകതകൾ എന്തെല്ലാമാണ് ; ഇതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) സലാക്ക തദ്ദേശീയമല്ലാത്ത ഒരു മുൾച്ചെടിയാണ്. ഈ മുൾച്ചെടി ഉപയോഗി ച്ചുള്ള ജൈവവേലി കൃഷിയിടങ്ങളിലും വനമേഖലകളിലും തമ്മിലുള്ള അതിർത്തിയിൽ നിർമ്മിക്കുകയാണെങ്കിൽ വനപ്രദേശങ്ങളിൽ നിന്ന് കൃഷിയിടങ്ങളിലേക്കുള്ള വന്യജീവികളുടെ പ്രവേശനത്തെ തടയാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പരീക്ഷണാടിസ്ഥാനത്തിൽ ഇത്തരം ജൈവവേലി നിർമ്മിക്കാൻ വനം വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. വന്യജീവികൾമൂലമുള്ള കൃഷിനാശം തടയുന്നതിനുവേണ്ടി ഇപ്പോൾതന്നെ ലഭ്യമാക്കിയിട്ടുള്ള ബഡ്ജറ്റ് തുകയിൽ ഉൾപ്പെടുത്തികൊണ്ട് ഇതു നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) സലാക്കാ മുൾച്ചെടി വേലി തയ്യാറാക്കുന്നതുവരെ വന്യമൃഗ ശല്യം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) വന്യമൃഗശല്യം ഒഴിവാക്കുന്നതിനായി താഴെ പറയുന്ന നടപടികൾ ഇപ്പോൾ നടപ്പിലാക്കി വരുന്നു.<br><br>1. കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാനുപകരിക്കുന്ന കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.<br><br>(2) കൃഷിയിടങ്ങളിലേക്ക് ഇറങ്ങിവരുന്ന മൃഗങ്ങളെ തിരിച്ച് വിടാനുള്ള നടപടികൾ കൈക്കൊള്ളുന്നു.<br><br>(3) ജലലഭ്യത ഉറപ്പ്‌വരുത്തുന്നതിലേക്കായി ഉൾവനങ്ങളിൽ തടയണകളും കുളങ്ങളും നിർമ്മിക്കുന്നു. |

(4) കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.

(5) എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും ജനപങ്കാളിത്തവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പ് വരുത്താൻ നടപടികൾ എടുത്തു വരുന്നു.

(6) കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണലഭ്യത ഉറപ്പ്‌വരുത്തുന്നതിനാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു.

(7) ആനകളുടെ സഞ്ചാരപഥം സുഗമമാക്കുന്നതിന് ആനത്താരകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുന്നു.

(8) കൃഷിനാശം നടത്തുന്ന കാട്ടുപന്നികളെ വ്യവസ്ഥകൾക്കു വിധേയമായി വെടിവച്ച്കൊല്ലുവാനുള്ള അധികാരം റെയിഞ്ചാഫീസർ തലത്തിലേക്ക് കൈമാറാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(9) കാട്ടിലിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) എത്ര സമയംകൊണ്ട് ഇത്തരം മുൾച്ചെടി വേലികൾ തയ്യാറാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ? | (സി) സലാക്ക സസ്യം നട്ടശേഷം അവ വളർന്നു ഫലപ്രദമായ ഒരു ജൈവ വേലിയായി തീരാൻ ഏതാനും വർഷങ്ങൾ വേണ്ടി വരും. |

**സെക്ഷൻ ഓഫീസർ**